**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - നിർത്തലാക്കിയ വികസന അതോറിറ്റികൾ പഞ്ചായത്തുകൾ മുഖേന വിതരണം ചെയ്ത വായ്പ - വായ്പാകുടിശ്ശിക തിരിച്ചടക്കുന്നതിന് വീഴ്ച വരുത്തിയ പഞ്ചായത്തുകളിൽ നിന്ന് വായ്പാ തിരിച്ചടവ് പരിഗണിക്കാതെ ഒടുക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ)നം. 841/2013/തസ്വഭവ** **തിരുവനന്തപുരം, തീയതി: 27/03/2013.**

---

പരാമർശം:- 1. സ.ഉ. (എം. എസ്) 92/2012/തസ്വഭവ തീയതി 31/03/2012
2. 19/03/2013 ലെ മാനേജിംഗ് ഡയറക്ടർ, കെ.യു.ആർ.ഡി.എഫ്.സി യുടെ കെ.യു.ആർ.ഡി.എഫ്.സി/ഡിഡിഎ കുടിശ്ശിക/2013 നമ്പർ കത്ത്.
3. 25-03-2013 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 2.3 നമ്പർ തീരുമാനം.

**ഉത്തരവ്**

നിർത്തലാക്കിയ വികസന അതോറിറ്റികൾ പഞ്ചായത്ത് വഴി വിതരണം നടത്തിയ ഹഡ്കോയുടെ വായ്പകളിൽ കുടിശ്ശിക വരുത്തിയ വായ്പ തുക അതാത് ഗ്രാമപഞ്ചായത്തുകളിൽ നിന്നും അവയുടെ പശ്ചാത്തല മേഖലാഫണ്ടിൽ നിന്നും ഈടാക്കുന്നതിനും ആയതിന് പഞ്ചായത്ത് ഡയറക്ടറെ അധികാരപ്പെടുത്തിയും പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ ഒരു പഞ്ചായത്ത് മാത്രമേ തിരിച്ചടവ് നടത്തിയിട്ടുള്ളൂ എന്നും ഈ ഇനത്തിൽ കുടിശ്ശിക ആയി 11.91 കോടി രൂപ അടിയന്തിരമായി കെ.യു.ആർ.ഡി.എഫ്.സി യ്ക്ക് നൽകുന്നതിന് വേണ്ട നടപടി സ്വീകരിക്കണമെന്ന് പരാമർശം (2) ലെ കത്തു പ്രകാരം മാനേജിംഗ് ഡയറക്ടർ, കെ.യു.ആർ.ഡി.എഫ്.സി അപേക്ഷിച്ചിട്ടുണ്ടായിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം 3 തീരുമാനപ്രകാരം വികസന അതോറിറ്റി വായ്പ തിരിച്ചടവ് പശ്ചാത്തല മേഖലയിൽ നിന്നും നടത്താൻ പരാമർശം (1) നമ്പർ ഉത്തരവിൽ നിർദ്ദേശിച്ചിരിക്കുന്നത് മേഖല പരിഗണിക്കാതെ ഒടുക്കാൻ യഥേഷ്ടാനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം
ജെ. സ്റ്റാൻലി
ഡെപ്യൂട്ടി സെക്രട്ടറി

എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
എല്ലാ മുനിസിപ്പൽ ചെയർപേഴ്സൺമാർക്കും സെക്രട്ടറിമാർക്കും
(നഗരകാര്യ ഡയറക്ടർ മുഖാന്തിരം)
എല്ലാ കോർപ്പറേഷൻ മേയർമാർക്കും, സെക്രട്ടറിമാർക്കും
(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
മാനേജിംഗ് ഡയറക്ടർ, കേരള നഗര ഗ്രാമ ധനകാര്യ വികസന കോർപ്പറേഷൻ
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, തൃശൂർ

നഗര കാര്യ ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
എല്ലാ ടി.എ.ജി. ചെയർമാൻമാർക്കും, മെമ്പർ സെക്രട്ടറിമാർക്കും
(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
(എം.ഡി., കെ.യു.ആർ.ഡി.എഫ്.സി.മുഖാന്തിരം)
എല്ലാ നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്കും
(നഗരകാര്യ ഡയറക്ടർ മുഖാന്തിരം)
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.
ജനറൽ സെക്രട്ടറി, കേരളാഗ്രാമപഞ്ചായത്ത് അസോസിയേഷൻ, തിരുവനന്തപുരം.
സെക്രട്ടറി, മുൻസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്, കേരളം), തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ/എൽ.ബി.എ), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, കേരള ഇൻഫർമേഷൻ മിഷൻ, പാങ്ങപ്പാറ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ